**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**
*E-mail: sitttr@gmail.com, jd_cdc@yahoo.com*
**Phone & Fax: 0484 2542355** Web: www.sitttrkerala.ac.in

No: P3/428/2022 Dated, 15.07.2022

# പരിപത്രം

## ഡിപ്ലോമ പ്രവേശനം 2022-23 – നിർദ്ദേശങ്ങൾ

1. 2022 - 23 അധ്യയന വർഷത്തിലെ ഗവണ്മെന്റ് / എയിഡഡ് / IHRD / CAPE / സ്വാശ്രയ പോളിടെക്നിക് കോളേജുകളിലേക്ക് 15-07-2022 മുതൽ ആരംഭിച്ചിരിക്കുന്നു. ഡിപ്ലോമ പ്രവേശനത്തിനുള്ള അംഗീകരിച്ച പ്രോസ്പെക്ടസും അനുബന്ധങ്ങളും നിർദേശങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കൂടാതെ www.polyadmission.org എന്ന അഡ്മിഷൻ പോർട്ടലിലും ഇവ ലഭ്യമാണ്.

2. എല്ലാ ഗവണ്മെന്റ് / എയിഡഡ് / IHRD / CAPE / സ്വാശ്രയ സ്ഥാപന മേധാവികളും അഡ്മിഷന് വേണ്ടിയുള്ള ഹെൽപ്ഡെസ്ക് ആരംഭിക്കേണ്ടതും ആവശ്യമായ ജീവനക്കാരെ നിയോഗിക്കേണ്ടതുമാണ്. ആയതിലേക്ക് നിയോഗിക്കപ്പെടുന്ന എല്ലാ ജീവനക്കാരും പ്രോസ്പെക്ടസ് നിർബന്ധമായും വായിച്ച് മനസ്സിലാക്കിയിരിക്കേണ്ടതും ഇക്കാര്യങ്ങൾ സ്ഥാപന മേധാവികൾ ഉറപ്പാക്കേണ്ടതുമാണ്. പ്രോസ്പെക്ടസിന് വിരുദ്ധമായ നിർദ്ദേശങ്ങൾ യാതൊരു കാരണവശാലും അപേക്ഷകർക്ക് നല്കാൻ പാടുള്ളതല്ല.

3. സ്ഥാപന മേധാവികൾ Help Desk Manager, Admission Coordinator എന്നിവരുടെ Contact, WhatsApp നമ്പറുകൾ ഇന്ന് തന്നെ www.polyadmission.org എന്ന അഡ്മിഷൻ പോർട്ടലിൽ Admission - Contact Details ലിങ്ക് വഴി ലോഗിൻ ചെയ്തതിനു ശേഷം നൽകേണ്ടതാണ്.

   Default login details

   User name : principal Password : principal123

   User name : admin Password : admin123

   (Please change the password after login)

   **അഡ്മിഷൻ പോർട്ടൽ വഴി ലഭിക്കുന്ന Help Desk Manager, Admission Coordinator എന്നിവരുടെ WhatsApp നമ്പറുകൾ ഉൾപ്പെടുത്തി ആയിരിക്കും അഡ്മിഷനുമായി ബന്ധപ്പെട്ട WhatsApp ഗ്രൂപ്പ് ആരംഭിക്കുന്നത്.** അതിനാൽ ഉചിതമായ ജീവനക്കാരെ ഉൾപ്പെടുത്താൻ സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

4. അഡ്മിഷൻ സംബന്ധിച്ച് പ്രോസ്പെക്ടസിൽ പ്രതിപാദിക്കാത്ത സംശയങ്ങൾ ഈ ഓഫീസുമായി ബന്ധപ്പെട്ട് സ്ഥിരീകരിക്കേണ്ടതും അതിനു ശേഷം മാത്രം അപേക്ഷകർക്ക് കൈമാറേണ്ടതുമാണ്.

5. വിവിധ എയിഡഡ് / സ്വാശ്രയ പോളിടെക്നിക്കുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് അഡ്മിഷൻ നേടുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ നല്കാത്തവരെ അത്തരം സീറ്റുകളിലേക്ക് പരിഗണിക്കുന്നതല്ല.

### One-Time Registration സമയത്ത് താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തുക

1. അപേക്ഷകൻ SSLC അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. എഞ്ചിനീയറിംഗ് സ്ട്രീമിലേക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ് വിഷയങ്ങളും നോൺ-എഞ്ചിനീയറിംഗ് സ്ട്രീമിലേക്ക് കണക്ക്, ഇംഗ്ലീഷ് വിഷയങ്ങളും നിർബന്ധമായും പഠിച്ചിരിക്കേണ്ടതുമാണ്.

2. അപേക്ഷയിൽ രജിസ്റ്റർ ചെയ്യുന്ന മൊബൈൽ നമ്പർ അപേക്ഷന്റേതായിരിക്കേണ്ടതും പ്രവേശന പ്രക്രിയ കഴിയുന്നത് വരെ നിലനിർത്തേണ്ടതുമാകുന്നു.

SITTTR Kalamassery

3. One-Time Registration ന് ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുമ്പോൾ മൊബൈൽ OTP വെരിഫിക്കേഷന് ശേഷം രജിസ്ട്രേഷൻ ഫീസ് അടയ്ക്കുവാനുള്ള ലിങ്ക് ലഭിക്കുന്നതാണ്. അപ്രകാരം ഫീസടയ്ക്കാൻ സാധിക്കാത്തവർക്ക് പിന്നീട് www.polyadmission.org എന്ന അഡ്മിഷൻ പോർട്ടൽ ഹോം പേജിലെ "CHECK/RETRY PAYMENT" ലിങ്ക് വഴി ഫീസടയ്ക്കുവാനോ നിലവിൽ ഫീസടച്ചതിന്റെ സ്ഥിതി പരിശോധിക്കുവാനോ സാധിക്കുന്നതാണ്.
4. ഓൺലൈൻ പേയ്മെന്റ് നടത്തുമ്പോൾ തുടക്കത്തിൽ ലഭിക്കുന്ന GRN നമ്പർ വളരെ പ്രധാനപ്പെട്ടതും അപേക്ഷകർ നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്. ഫീസ് പേയ്മെന്റിനെ സംബന്ധിച്ചുള്ള എല്ലാ അന്വേഷണങ്ങൾക്കും GRN നമ്പർ നിർബന്ധമാകുന്നു.
5. One-Time Registration / ഓൺലൈൻ അപേക്ഷ സമർപ്പണം / പോളിടെക്നിക് പ്രവേശനം തുടങ്ങിയവയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് എല്ലാ പോളിടെക്നിക് കോളേജുകളിലെയും ഹെൽപ്പ്ഡസ്കുകളിൽ ലഭ്യമാക്കിയിട്ടുള്ള അദ്ധ്യാപകരുടെ മൊബൈൽ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. നമ്പറുകൾ അഡ്മിഷൻ പോർട്ടലിലെ "CONTACT US" എന്ന ലിങ്കിൽ ലഭിക്കുന്നതാണ്.
6. One-Time Registration പൂർത്തിയാക്കിയാൽ സംസ്ഥാനത്തെ ഗവ. / ഗവ. എയിഡഡ് / CAPE / IHRD പോളിടെക്നിക് കോളേജുകളിലേക്കും വിവിധ സ്വാശ്രയ പോളിടെക്നിക്കുകളിലേക്കും NCC/ Sports ക്വാട്ടകളിലേക്കും അപേക്ഷകൾ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. അപേക്ഷ സമർപ്പണത്തിന് പ്രത്യേകം ഫീസ് നൽകേണ്ടതില്ല.
7. One-Time Registration പോളിടെക്നിക് കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമത്തിന്റെ ആദ്യ ഘട്ടം മാത്രമാകുന്നു. രജിസ്ട്രേഷൻ ഫീസടച്ച് പൂർത്തിയാക്കിയതിനു ശേഷം മാത്രമേ വിവിധ പോളിടെക്നിക് കോളേജുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

## ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുക

1. അപേക്ഷകൻ ഗവ. സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി സംസ്ഥാന തലത്തിൽ ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതിയാകും. അപേക്ഷയുടെ Printout നേരിട്ട് കോളേജിൽ ഹാജാരാക്കേണ്ടതില്ല.

2. NCC/Sports ക്വാട്ടകളിലേക്ക് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയക്കേണ്ടതുമാണ്.

3. Aided / സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് ഓരോ സ്ഥാപനത്തിലേക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നേരിട്ട് ഹാജരാക്കേണ്ടതുമാണ്.

4. സംവരണത്തിനോ മറ്റു ആനുകൂല്യങ്ങൾക്കോ അർഹതയുള്ളവർ അർഹത സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ടെങ്കിൽ അത് ലഭ്യമാക്കിയതിനു ശേഷം അപേക്ഷ പൂരിപ്പിക്കുന്നത് അപേക്ഷയിൽ തെറ്റായ വിവരങ്ങൾ നൽകുന്നത് ഒഴിവാക്കുവാൻ സഹായിക്കും. ഒറിജിനൽ സർട്ടിഫിക്കറ്റുകൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതുമാണ്.

5. അപേക്ഷയിലെ വിവരങ്ങളെ സംബന്ധിക്കുന്ന രേഖകളൊന്നും upload ചെയ്യേണ്ടതില്ല. നിങ്ങൾ അപേക്ഷയിൽ നൽകുന്ന വിവരങ്ങൾക്കനുസരിച്ചായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അപേക്ഷയിൽ തെറ്റ് വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. അപേക്ഷയിൽ തെറ്റായതോ അപൂർണ്ണമായതോ ആയ വിവരങ്ങൾ നൽകുന്നത് മൂലം അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ അപേക്ഷകനുണ്ടാകുന്ന ബുദ്ധിമുട്ടിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

7. അപേക്ഷ സമർപ്പണത്തിന് ശേഷം അപേക്ഷകന്റെ login ലെ Dash board ലുള്ള വിവിധ അപേക്ഷകളുടെ സ്റ്റാറ്റസ് പരിശോധിച്ച് “submitted” ആണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നിശ്ചിത പരിധിക്കുള്ളിൽ സമർപ്പിക്കാത്തതോ “status - not submitted” ആയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

8. ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ അപേക്ഷാ സമർപ്പണത്തിന്റെ അവസാന തീയതിവരെ അപേക്ഷകന്റെ ലോഗിൻ വഴി തിരുത്തലുകൾ വരുത്താവുന്നതാണ്.

9. പോളിടെക്നിക് അഡ്മിഷനുമായോ ഓൺലൈൻ അപേക്ഷാ സമർപ്പണമായോ ബന്ധപ്പെട്ട സംശയങ്ങൾക്ക് എല്ലാ പോളിടെക്നിക്കുകളിലെയും ഹെൽപ് ഡെസ്കിൽ ലഭ്യമാക്കിയിട്ടുള്ള അദ്ധ്യാപകരുടെ മൊബൈൽ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഹെല്പ് ഡെസ്കുകളിലെ മൊബൈൽ നമ്പറുകൾ വെബ്സൈറ്റിലെ Contact Us എന്ന ലിങ്കിൽ ലഭിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

JOINT DIRECTOR
STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
HMT JUNCTION, KALAMASSERY
PIN - 683 104

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION

SITTR Kalamassery